# PSC Driver Gr ii - Hdv - Various - Reserve Driver - Ksrtc - Lorry - Jeep - Tractor - Kerala Ceramics Ltd - Plantation Corp Of Kerala Ltd Driver Hdv - Excise Examination

## Previous Year Question Paper

***Exam Name:*** *Driver Gr ii - Hdv - Various - Reserve Driver - Ksrtc - Lorry - Jeep - Tractor - Kerala Ceramics Ltd - Plantation Corp Of Kerala Ltd Driver Hdv - Excise*

***Date of Test : 23.05.2015***

***Question Paper Code: 097/2015***

***Medium of Questions: Malayalam***

www.pscnet.in fb.com/pscnet.in

**97/2015-M**

Maximum : 100 marks

Time : 1 hour and 15 minutes

1. ഇന്ത്യൻ രാഷ്ട്രപതിയാകാൻ പൂർത്തിയായിരിക്കേണ്ട പ്രായം :
   (A) 25 (B) 35
   (C) 38 (D) 40

2. ഇന്ത്യയ്ക്ക് ഏറ്റവും കൂടുതൽ ആദായനികുതി ലഭിക്കുന്നതെവിടെനിന്ന്?
   (A) സ്വത്ത് നികുതി (B) വിൽപ്പന നികുതി
   (C) വാറ്റ് (D) എക്സൈസ് തീരുവ

3. ഇന്ത്യയിൽ നിലവിലിരിക്കുന്ന സമ്പദ്‌വ്യവസ്ഥ ഏത്?
   (A) മുതലാളിത്ത സമ്പദ്‌വ്യവസ്ഥ (B) മിശ്ര സമ്പദ്‌വ്യവസ്ഥ
   (C) സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ (D) ഗ്രാമീണ സമ്പദ്‌വ്യവസ്ഥ

4. ഹിരോഷിമ ദിനം ഏത്?
   (A) ആഗസ്റ്റ് 3 (B) ആഗസ്റ്റ് 6
   (C) ജൂൺ 7 (D) ജൂൺ 11

5. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ബ്രിട്ടന്റെ പ്രധാനമന്ത്രി ആരായിരുന്നു?
   (A) ക്ലമന്റ് ആറ്റ്ലി (B) വിക്ടോറിയ രാജ്ഞി
   (C) വിൻസ്റ്റൺ ചർച്ചിൽ (D) കാതറിൻ ദി ഗ്രേറ്റ്

6. ഭൂപടങ്ങളിൽ തരിശു ഭൂമി രേഖപ്പെടുത്താൻ കൊടുക്കുന്ന നിറമേത്?
   (A) ചുവപ്പ് (B) മഞ്ഞ
   (C) വെളുപ്പ് (D) നീല

7. രാത്രികാലങ്ങളിൽ ചൂട് $0^{\circ}C$ യിലും താഴുമ്പോൾ നീരാവി പൂരിതവായു മഞ്ഞ് പരലുകളായി തണുത്ത പ്രതലങ്ങളിൽ നിക്ഷേപിക്കപ്പെടുന്നതാണ് :
   (A) തുഷാരം (B) നീഹാരം
   (C) മൂടൽമഞ്ഞ് (D) നേർത്ത മൂടൽമഞ്ഞ്

8. താഴെത്തന്നിരിക്കുന്നവയിൽ കൃഷ്ണാനദിയുടെ പോഷകനദിയേത്?
   (A) തുംഗഭദ്ര (B) ശബരി
   (C) അമരാവതി (D) ഇന്ദ്രാവതി



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

9. വേനൽക്കാലത്ത് പശ്ചിമബംഗാളിൽ വീശുന്ന വരണ്ട കാറ്റ് :
   (A) ലൂ
   (B) ചക്രവാതം
   (C) വില്ലി വില്ലീസ്
   (D) കാൽബൈശാഖി

10. കായാന്തരിതശിലകളും ആഗ്നേയശിലകളും പൊടിഞ്ഞ് രൂപം കൊള്ളുന്നു. ഇരുമ്പിന്റെ അംശം ചുവപ്പ് നിറം നൽകുന്നു. ഈ സവിശേഷതകൾ ഉള്ള മണ്ണിനം ഏത്?
   (A) പർവ്വത മണ്ണ്
   (B) ചെമ്മണ്ണ്
   (C) എക്കൽ മണ്ണ്
   (D) ചെങ്കൽ മണ്ണ്

11. മണ്ണ് സംരക്ഷണത്തിനായി ചെയ്യാവുന്ന പ്രവർത്തനം ഏത്?
   (A) നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കുക
   (B) അമിതമായ രാസവള കീടനാശിനി പ്രയോഗം
   (C) അമിതമായ കാലിമേയ്ക്കൽ
   (D) മാലിന്യ നിക്ഷേപം

12. താഴെപ്പറയുന്നവയിൽ ഇരുമ്പിന്റെ അംശമില്ലാത്തത് ഏത്?
   (A) ഇരുമ്പയിര്
   (B) ബോക്സൈറ്റ്
   (C) നിക്കൽ
   (D) മാംഗനീസ്

13. ഇന്ത്യയുടെ ഏറ്റവും തെക്കെ അറ്റത്തുള്ള തുറമുഖമേത്?
   (A) കൊച്ചി
   (B) ചെന്നൈ
   (C) തൂത്തുക്കുടി
   (D) കോഴിക്കോട്

14. വടക്ക് പടിഞ്ഞാറൻ റെയിൽവേയുടെ ആസ്ഥാനം :
   (A) മുംബൈ
   (B) ജയ്പൂർ
   (C) ന്യൂഡൽഹി
   (D) അലഹബാദ്

15. മീൻപിടുത്തം, ഉപ്പ് കുറുക്കൽ, മുത്തുവാരൽ എന്നിവ തൊഴിലായി സ്വീകരിച്ച പ്രാചീന തമിഴകത്തിലെ തിണ ഏത്?
   (A) നെയ്തൽ
   (B) മരുതം
   (C) പാലൈ
   (D) മുല്ലൈ

16. പുന്നപ്ര വയലാർ സമരം നടന്ന വർഷം :
   (A) 1946
   (B) 1941
   (C) 1955
   (D) 1943



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

17. കൊച്ചിയിലെ ആദ്യത്തെ ജനകീയ കോൺഗ്രസ്സ് മന്ത്രിസഭയിൽ മുഖ്യമന്ത്രി ആരായിരുന്നു?
   (A) ആർ. ശങ്കർ
   (B) ഷൺമുഖം ചെട്ടിയാർ
   (C) ഇ. ഇക്കണ്ട വാര്യർ
   (D) ജോസഫ് മുണ്ടശ്ശേരി

18. ബോൾഗാട്ടി കൊട്ടാരം നിർമ്മിച്ചതാര്?
   (A) പോർട്ടുഗീസുകാർ
   (B) ഫ്രഞ്ചുകാർ
   (C) ഡച്ചുകാർ
   (D) ബ്രിട്ടീഷുകാർ

19. "മൺസൂൺ" എന്ന പദം ഉണ്ടായത് ഏത് ഭാഷയിൽ നിന്ന്?
   (A) ഹിന്ദി
   (B) അറബി
   (C) ഉറുദു
   (D) പേർഷ്യൻ

20. ചിലിയിലെ ഏറ്റവും വലിയ പ്രവശ്യയ്ക്ക് ഏത് നാവികന്റെ പേരാണ് നൽകിയിട്ടുള്ളത്?
   (A) കൊളംബസ്
   (B) മഗല്ലൻ
   (C) വാസ്കോഡഗാമ
   (D) ബർത്തലോമഡയസ്

21. നേപ്പാളിലെ ദേശീയ നിയമ നിർമ്മാണ സഭയുടെ പേര് :
   (A) കോർട്ടിസ്
   (B) ഡയറ്റ്
   (C) നാഷണൽ പഞ്ചായത്ത്
   (D) ഷോറ

22. "ദാരിദ്ര്യം അകറ്റൂ" ഏത് പഞ്ചവത്സര പദ്ധതിയുടെ മുദ്രാവാക്യമായിരുന്നു?
   (A) മൂന്നാമത്തെ
   (B) നാലാമത്തെ
   (C) അഞ്ചാമത്തെ
   (D) രണ്ടാമത്തെ

23. 1998-ധനതത്വശാസ്ത്രത്തിന് നോബൽ സമ്മാനം നേടിയ ഇന്ത്യാക്കാരൻ ആര്?
   (A) ഐ.ജി. പട്ടേൽ
   (B) അമർത്യാസെൻ
   (C) കെ.എൻ. രാജ്
   (D) ജഗദീഷ് ഭഗവതി

24. ഇന്ത്യയിലെ ഏത് നദിയാണ് "ദുഃഖത്തിന്റെ നദി" എന്നറിയപ്പെടുന്നത്?
   (A) സിന്ധു
   (B) ഗംഗ
   (C) ദാമോദർ
   (D) മഹാനദി

25. ഇന്ത്യയുടെ അവസാനത്തെ ഗവർണ്ണർ ജനറലും ആദ്യത്തെ വൈസ്രോയിയും ആരായിരുന്നു?
   (A) കാനിംഗ് പ്രഭു
   (B) മൗണ്ട് ബാറ്റൺ പ്രഭു
   (C) വെല്ലസ്ലി പ്രഭു
   (D) ലിറ്റൺ പ്രഭു



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

26. സൂറത്ത് മുതൽ കന്യാകുമാരി വരെ നീളുന്ന പർവ്വത നിരയുടെ പേര് :
   (A) പൂർവ്വഘട്ടം (B) ആരവല്ലി
   (C) വിന്ധ്യാ (D) പശ്ചിമഘട്ടം

27. സൂര്യൻ ഭൂമദ്ധ്യരേഖ (0°) മുറിച്ച് കടക്കുന്നത് എപ്പോഴൊക്കെയാണ്?
   (A) മാർച്ച് - സെപ്തംബർ (B) ജൂൺ - ജൂലൈ
   (C) ഏപ്രിൽ - മെയ് (D) ജനുവരി - മാർച്ച്

28. അഭിനവ് ബിന്ദ്ര ഏത് സ്പോർട്സ് ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു?
   (A) ബോക്സിങ്ങ് (B) ഷൂട്ടിംഗ്
   (C) നീന്തൽ (D) ടെന്നീസ്

29. "വിപരീതങ്ങളുടെ മിശ്രിതം" എന്ന് വിശേഷിപ്പിച്ചിരുന്ന ഡൽഹിയിലെ സുൽത്താൻ :
   (A) ഫിറോസ് ഷാ തുഗ്ലക്ക് (B) ഇൽത്തുമിഷ്
   (C) ബാൽബൻ (D) മുഹമ്മദ് ബിൻ തുഗ്ലക്ക്

30. രാജ്യസഭ പിരിച്ചുവിടാനുള്ള അധികാരം ആർക്കാണ്?
   (A) പ്രസിഡന്റ് (B) പ്രധാനമന്ത്രി
   (C) ഉപരാഷ്ട്രപതി (D) ആർക്കുമില്ല

31. അമൃതസറിൽ നടന്ന ജാലിയൻ വാലാബാഗ് കൂട്ടക്കൊലയ്ക്കു ശേഷം യോദ്ധാസ്ഥാനം പരിത്യജിച്ചത് ആര്?
   (A) സുഭാഷ് ചന്ദ്രബോസ് (B) സൂര്യസെൻ
   (C) രബീന്ദ്രനാഥ ടാഗോർ (D) സർ സയ്യിദ് അഹമ്മദ് ഖാൻ

32. സ്വാതന്ത്ര്യസമരത്തെ ആധാരമാക്കി നിർമ്മിച്ച മോഹൻലാൽ ചലച്ചിത്രം ഏത്?
   (A) മഞ്ഞിൽ വിരിഞ്ഞ പൂക്കൾ (B) ചിത്രം
   (C) കാലാപാനി (D) കമലദളം

33. നീന്തൽക്കുളങ്ങൾ അണുവിമുക്തമാക്കാൻ ഉപയോഗിക്കുന്ന വാതകം :
   (A) ക്ലോറിൻ (B) കാർബൺ ഡൈ ഓക്സൈഡ്
   (C) ഓക്സിജൻ (D) ഹൈഡ്രജൻ

34. പ്രോഗ്രാം ചെയ്യാത്ത സിം കാർഡുകൾ ഉപയോഗിച്ച് നിലവിലുള്ള സിം കാർഡിന്റെ പകർപ്പുണ്ടാക്കുന്ന വിദ്യയാണ് :
   (A) സ്പൂഫിങ്ങ് (B) ഫിഷിങ്ങ്
   (C) സിം ക്ലോണിങ്ങ് (D) ഹാക്കിങ്ങ്



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

35. 1969 ജൂലൈ 19 ൽ 14 ബാങ്കുകളെ ദേശസാൽക്കരിച്ച ഇന്ത്യൻ പ്രധാനമന്ത്രി :
(A) ജവഹർലാൽ നെഹ്റു (B) ചരൺസിംഗ്
(C) ഇന്ദിരാഗാന്ധി (D) ഐ.കെ. ഗുജ്റാൾ

36. പരിണാമപരമായി മനുഷ്യനോട് കൂടുതൽ സാദൃശ്യമുള്ള ജീവി :
(A) ചിമ്പാൻസി (B) ഗൊറില്ല
(C) ഗിബ്ബൺ (D) ഒറാങ്ങ് ഉട്ടാങ്ങ്

37. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണമായ ഇരുമ്പുരുക്കു നിർമ്മാണശാല :
(A) 1907 ലെ ടാറ്റാ അയൺ ആന്റ് സ്റ്റീൽ കമ്പനി (B) ഇന്ത്യൻ ഇരുമ്പുരുക്ക് നിർമ്മാണശാല
(C) വിശ്വേശ്വരയ്യ ഇരുമ്പുരുക്ക് നിർമ്മാണശാല (D) റൂർക്കല ഇരുമ്പുരുക്ക് നിർമ്മാണശാല

38. കൊച്ചിൻ ഷിപ്പിയാർഡ് ഏത് വിദേശരാജ്യത്തിന്റെ സഹായത്തോടെയാണ് നിർമ്മിച്ചിട്ടുള്ളത്?
(A) റഷ്യ (B) ബ്രിട്ടൺ
(C) ജപ്പാൻ (D) ജർമ്മനി

39. പരുത്തി ഉൽപ്പാദനത്തിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന കേരളത്തിലെ ജില്ല ഏത്?
(A) ഇടുക്കി (B) പാലക്കാട്
(C) വയനാട് (D) കാസർഗോഡ്

40. കേരളത്തിൽ ബ്രിട്ടീഷ് അധികാരത്തിനെതിരായ ആദ്യത്തെ സംഘടിത പ്രക്ഷോഭം :
(A) അഞ്ച് തെങ്ങ് കലാപം (B) കുണ്ടറ വിളംബരം
(C) ആറ്റിങ്ങൽ കലാപം (D) കുറിച്യർ കലാപം

41. കേരളത്തിന്റെ തനതുകലയായ കഥകളിയുടെ ആദിരൂപം :
(A) രാമനാട്ടം (B) കഥക്
(C) മോഹിനിയാട്ടം (D) കൂടിയാട്ടം

42. കുങ്കുമപ്പൂവ് ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം ഏത്?
(A) രാജസ്ഥാൻ (B) ജമ്മുകാശ്മീർ
(C) കർണ്ണാടക (D) സിംല

43. സംഗീതം പ്രമേയമാക്കിയിരിക്കുന്ന വേദം ഏത്?
(A) യജുർവേദം (B) ഋക്‌വേദം
(C) സാമവേദം (D) അഥർവ്വവേദം



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

44. ആരുടെ തൂലികാനാമമാണ് "ചെറുകാട്"?
   (A) ഗോവിന്ദ പിഷാരടി
   (B) മാധവൻ നായർ
   (C) കെ.കെ. നീലകണ്ഠൻ
   (D) പി. സച്ചിദാനന്ദൻ

45. ഗുജറാത്ത് സംസ്ഥാനത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന കേന്ദ്രഭരണ പ്രദേശം :
   (A) ഡൽഹി
   (B) ചണ്ഡീഗഢ്
   (C) ദാദ്രനാഗർ ഹവേലി
   (D) ദാമൻ ദിയു

46. റാബി വിളയിൽ ഉൾപ്പെടുന്നത് :
   (A) നെല്ല്
   (B) ചോളം
   (C) ബജ്റ
   (D) ഗോതമ്പ്

47. മാമാങ്കത്തിന്റെ നേതൃത്വത്തിന് പറയുന്ന പേര് :
   (A) നായകൻ
   (B) രക്ഷാപുരുഷസ്ഥാനം
   (C) സ്ഥാനപതി
   (D) രാജാവ്

48. രാജ്യത്തിലെ ഏറ്റവും വലിയ വനിത ശാക്തീകരണ പദ്ധതി :
   (A) അയൽക്കൂട്ടം
   (B) ധനശ്രീ
   (C) കുടുംബശ്രീ
   (D) ജനശ്രീ

49. 2002-ൽ മലപ്പുറം ജില്ലയിൽ ആരംഭിച്ച ഇ-സാക്ഷരത പദ്ധതി :
   (A) ജനസേവന കേന്ദ്രം
   (B) അക്ഷയ
   (C) ഫ്രണ്ട്സ്
   (D) എസ് കേരള

50. ഇന്ത്യൻ സിനിമയിലെ പ്രഥമ വനിത എന്നറിയപ്പെടുന്നതാര്?
   (A) ഷർമ്മിള ടാഗോർ
   (B) നർഗീസ് ദത്ത്
   (C) വൈജയന്തിമാല
   (D) നൂതൻ

51. എഞ്ചിൻ ഫ്ലൈവീലിനേയും ഗിയർ ബോക്സ് പ്രൈമറി ഷാഫ്റ്റിനേയും തമ്മിൽ ബന്ധിപ്പിക്കുകയും വിച്ഛേദിപ്പിക്കുകയും ചെയ്യുന്ന സംവിധാനമാണ് :
   (A) പ്രൊപ്പല്ലർ ഷാഫ്റ്റ്
   (B) ഗിയർ
   (C) ക്ലച്ച്
   (D) ആക്സിലറേറ്റർ

52. വാഹനത്തിന്റെ ബ്രേക്ക് ഉപയോഗിക്കുമ്പോൾ വാഹനത്തിന്റെ ഗതികോർജ്ജം ഏത് ഊർജ്ജ രൂപമായി മാറുന്നു?
   (A) സ്ഥിതികോർജ്ജം
   (B) താപോർജ്ജം
   (C) പ്രകാശോർജ്ജം
   (D) ഇവയൊന്നുമല്ല



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

53. വാഹനത്തിന്റെ ഹാൻഡ് ബ്രേക്ക് ഉപയോഗിക്കുന്നത് :
(A) പാർക്കു ചെയ്യാൻ
(B) വേഗത കുറയ്ക്കാൻ
(C) പെട്ടന്ന് നിർത്താൻ
(D) സ്കിഡിങ്ങ് ഒഴിവാക്കാൻ

54. വീൽ സിലിണ്ടർ ഉറപ്പിച്ചിരിക്കുന്നത് :
(A) ആക്സിലിൽ
(B) ബാക്ക് പ്ലേറ്റിൽ
(C) വീൽ ഡ്രമ്മിൽ
(D) ബ്രേക്ക് ഷൂവിൽ

55. എയർ ബ്രേക്കിൽ ലൈൻ പ്രഷർ നിയന്ത്രിക്കുന്നത് :
(A) അൺ ലോഡർ വാൽവ്
(B) സിസ്റ്റം പ്രൊട്ടക്ഷൻ വാൽവ്
(C) ഡ്യുവൽ ബ്രേക്ക് വാൽവ്
(D) ഡി.ബി. യൂണിറ്റ്

56. എയർ ബ്രേക്ക് സംവിധാനത്തിൽ ബ്രേക്ക് ഷൂവും, ഡ്രമ്മും തമ്മിലുള്ള അകലം അഡ്ജസ്റ്റു ചെയ്യുന്നത് :
(A) സ്ലാക്ക് അഡ്ജസ്റ്റർ
(B) സ്പ്രിംഗ് ആക്ചുവേറ്റർ
(C) റിട്ടേൺ സ്പ്രിംഗ്
(D) ഇവയൊന്നുമല്ല

57. ഹൈഡ്രോളിക് ബ്രേക്ക് സിസ്റ്റത്തിന്റെ ഹൃദയം ആയി അറിയപ്പെടുന്നത് :
(A) മാസ്റ്റർ സിലിണ്ടർ
(B) വീൽ സിലിണ്ടർ
(C) ബ്രേക്ക് ചേമ്പർ
(D) കോമ്പിനേഷൻ വാൽവ്

58. ഫൈനൽ ഡ്രൈവിന്റ ധർമ്മം എന്താണ്?
(A) സ്ഥിരമായി വേഗത കുറയ്ക്കുകയും ഡ്രൈവ് 90° തിരിക്കുകയും ചെയ്യുക
(B) റോഡിന്റെ അവസ്ഥ അനുസരിച്ച് ഗിയർ റേഷ്യോ മാറ്റുക
(C) വാഹനം പെട്ടെന്ന് നിർത്തുക
(D) ഇവയൊന്നുമല്ല

59. ഫൈനൽ ഡ്രൈവിന്റെ ഘടകങ്ങൾ ഏതെല്ലാം?
(A) ക്ലച്ച് ഷാഫ്റ്റ്, ഗിയറുകൾ
(B) ബെവൽ പിനിയനും ക്രൗൺ വീലും
(C) പ്ലാനറ്റ് ഗിയറുകളും സൺ ഗിയറും
(D) ഇവയൊന്നുമല്ല

60. വാഹനം ബ്രേക്ക് ചെയ്യുമ്പോൾ അത് ഒരു വശത്തേക്കു പോകുന്നു എങ്കിൽ അതിന് :
(A) ബ്രേക്ക് ഡ്രാഗിങ്ങ് ഉണ്ട്
(B) ഗിയർ സ്ലിപ്പിംഗ് ഉണ്ട്
(C) പ്രൊപ്പല്ലർ ഷാഫ്റ്റ് ബെൻഡ് ആയതുകൊണ്ട്
(D) ഇവയൊന്നുമല്ല



Join PSC WhatsApp Broadcast List : 90747 20773

61. വാഹനത്തിന്റെ വീലുകൾക്ക് ഡൈനാമിക് ബാലൻസ് ഇല്ല എങ്കിൽ :
(A) വീൽ വോബ്ലിംഗ് ഉണ്ടാകും
(B) ക്ലച്ച് ജഡർ ഉണ്ടാകും
(C) വാഹനം വശങ്ങളിലേക്ക് പോകും
(D) ഇവയൊന്നുമല്ല

62. കാംപർ പോസറ്റീവാണെങ്കിൽ :
(A) വീലിന്റെ മുൻവശം അകത്തേക്ക്
(B) വീലിന്റെ മുൻവശം പുറത്തേക്ക്
(C) വീലിന്റെ മുകൾഭാഗം അകത്തേക്ക്
(D) വീലിന്റെ മുകൾഭാഗം പുറത്തേക്ക്

63. പോസറ്റീവ് കാംപർ ഉണ്ടെങ്കിൽ ടയറിന്റെ :
(A) ഔട്ടർ അമിതമായി തേഞ്ഞുപോകും
(B) ഇന്നർ അമിതമായി തേഞ്ഞുപോകും
(C) സെന്റർ അമിതമായി തേഞ്ഞുപോകും
(D) ഇവയൊന്നുമല്ല

64. കാംപർ കൂടുതൽ ആണെങ്കിൽ ടോ-ഇൻ :
(A) കൂടുതൽ
(B) കുറവ്
(C) വ്യത്യാസം ഇല്ല
(D) ഇവയൊന്നുമല്ല

65. ഹെവി വാഹനങ്ങളിൽ ഉപയോഗിക്കുന്ന ബാറ്ററിയുടെ വോൾട്ട് :
(A) 24 V
(B) 6 V
(C) 12 V
(D) 36 V

66. വാഹനത്തിന്റെ മുൻവശത്തെ ടയറുകൾ ലോക്ക് പൊസിഷനിലാക്കി വാഹനം തിരിക്കുമ്പോൾ പുറത്തുള്ള ടയർ സഞ്ചരിക്കുന്ന വൃത്തത്തിന്റെ വ്യാസമാണ് :
(A) സ്റ്റിയറിംഗ് വീൽ ഡയാമീറ്റർ
(B) ടേണിംഗ് സർക്കിൾ ഡയാമീറ്റർ
(C) ടയർ ഡയാമീറ്റർ
(D) വീൽ ഡിസ്ക് ഡയാമീറ്റർ

67. ഡ്രോപ്പ് ആമിന്റെ താഴത്തെ അറ്റം ഉറപ്പിച്ചിരിക്കുന്നത് :
(A) ലിങ്ക് റോഡുമായി
(B) സ്റ്റിയറിംഗ് ആമുമായി
(C) സ്റ്റബ് ആക്സിലുമായി
(D) ഇവയൊന്നുമല്ല

68. സ്റ്റിയറിംഗ് വീൽ തിരിക്കുന്ന കോണും, അതിനു തുല്യമായി സ്റ്റബ് ആക്സിൽ തിരിയുന്ന കോണും തമ്മിലുള്ള റേഷ്യോ ആണ് :
(A) ഗിയർ റേഷ്യോ
(B) സ്റ്റിയറിംഗ് റേഷ്യോ
(C) ടേണിംഗ് സർക്കിൾ റേഷ്യോ
(D) ഇവയൊന്നുമല്ല

69. ആൾട്ടർനേറ്റർ ഉത്പാദിപ്പിക്കുന്ന കറണ്ട് ബാറ്ററിയിലേക്ക് പോകുന്നില്ല എങ്കിൽ ഇഗ്നീഷ്യൻ വാണിംഗ് ലാമ്പ് :
(A) അണയും
(B) കത്തിനിൽക്കും
(C) കത്തുകയും അണയുകയും ചെയ്യും
(D) ഇവയൊന്നുമല്ല



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

70. ഫാൻ ബെൽറ്റ് ബന്ധിപ്പിച്ചിരിക്കുന്നത് ഏതിനെയൊക്കെ?
   (A) സ്റ്റാർട്ടർ, എഞ്ചിൻ പുള്ളി, ആൾട്ടർനേറ്റർ
   (B) വാട്ടർ പമ്പ്, സ്റ്റാർട്ടർ, ആൾട്ടർനേറ്റർ
   (C) വാട്ടർ പമ്പ്, ആൾട്ടർനേറ്റർ, എഞ്ചിൻ പുള്ളി
   (D) ആൾട്ടർനേറ്റർ, എഞ്ചിൻ പുള്ളി, സ്റ്റാർട്ടർ

71. ആൾട്ടർനേറ്ററിനെ സാധാരണയായി കറക്കുന്നത് :
   (A) ചെയിൻ
   (B) ബെൽറ്റ്
   (C) ഗിയർ
   (D) ഇവയൊന്നുമല്ല

72. ഓയിൽ പാൻ ഘടിപ്പിച്ചിരിക്കുന്നത് ഏതു ഭാഗവുമായാണ്?
   (A) സിലിണ്ടർ ബ്ലോക്കിന്റെ മുകൾഭാഗം
   (B) ഓയിൽ ഫിൽട്ടറുമായി
   (C) എഞ്ചിൻ ഫൗണ്ടേഷനുമായി
   (D) സിലിണ്ടർ ബ്ലോക്കിന്റെ താഴ്ഭാഗം

73. കണക്ടിംഗ് റോഡിനെ പിസ്റ്റണുമായി ബന്ധിപ്പിക്കുന്നത് :
   (A) ക്യാപ് ബോൾട്ട്
   (B) ക്യാപ് റോളർ ബെയറിങ്ങ്
   (C) പിസ്റ്റൺ പിൻ
   (D) ഇവയൊന്നുമല്ല

74. രണ്ട് ആക്സിലുകൾ മാത്രമുള്ള ഒരു വാഹനത്തിന്റെ വീൽ ബേസ് എന്നു പറയുന്നത് :
   (A) മുൻവശത്തെ ടയറുകൾ തമ്മിലുള്ള അകലം
   (B) വാഹനത്തിന്റെ മുൻഭാഗം മുതൽ പിൻഭാഗം വരെയുള്ള അകലം
   (C) മുൻവശത്തെ ആക്സിലിന്റെ സെന്ററും പിൻവശത്തെ ആക്സിലിന്റെ സെന്ററും തമ്മിലുള്ള അകലം
   (D) ഇവയൊന്നുമല്ല

75. ഡീസൽ എഞ്ചിനിലുള്ള ഇൻലറ്റ് വാൽവ് :
   (A) എക്സ്ഹോസ്റ്റ് വാൽവിനേക്കാൾ ചെറുത്
   (B) എക്സ്ഹോസ്റ്റ് വാൽവിനേക്കാൾ വലുത്
   (C) രണ്ടു വാൽവുകളും ഒരുപോലെ
   (D) ഇവയൊന്നുമല്ല

76. ലെഡ് ആസിഡ് ബാറ്ററിയിൽ ഉപയോഗിക്കുന്ന ആസിഡ് :
   (A) $HCl$
   (B) $HNO_3$
   (C) $H_2SO_4$
   (D) ബോറിക് ആസിഡ്

77. എഞ്ചിൻ ഓയിലിന്റെ വിസ്കോസിറ്റി ടെമ്പറേച്ചറിനനുസരിച്ച് എത്രമാത്രം മാറുന്നു എന്നതിനെ :
   (A) വിസ്കോസിറ്റി ഇൻഡക്സ് എന്നു പറയുന്നു
   (B) ബോയിലിംഗ് പോയിന്റ് എന്നു പറയുന്നു
   (C) വിസ്കോസിറ്റി പോയിന്റ് എന്നു പറയുന്നു
   (D) ഇവയൊന്നുമല്ല



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

78. റേഡിയേറ്ററിൽ കൂളന്റ് ഏതു ദിശയിലാണ് സഞ്ചരിക്കുന്നത്?

(A) താഴെ നിന്നും മുകളിലേക്ക്
(B) മുകളിൽ നിന്നും താഴേക്ക്
(C) വശങ്ങളിലേക്ക്
(D) ഇവയൊന്നുമല്ല

79. തെർമോസ്റ്റാറ്റ് വാൽവിന്റെ ധർമ്മം :

(A) ബോയിലിങ്ങ് പോയിന്റ് കൂട്ടാൻ
(B) കൂളന്റ് തിളക്കാതിരിക്കാൻ
(C) എഞ്ചിൻ പെട്ടെന്ന് വാം അപ് ആകാൻ
(D) ഇവയൊന്നുമല്ല

80. എഞ്ചിൻ ഓയിലായി സാധാരണ ഉപയോഗിക്കുന്നത് :

(A) SAE 40
(B) SAE 90
(C) SAE 140
(D) ഇവയൊന്നുമല്ല

81. ഇലക്ട്രോലൈറ്റിന്റെ സ്പെസിഫിക് ഗ്രാവിറ്റി അളക്കുന്ന ഉപകരണം :

(A) ഹൈഡ്രോമീറ്റർ
(B) തെർമോമീറ്റർ
(C) ബാരോമീറ്റർ
(D) ടാക്കോമീറ്റർ

82. എഞ്ചിനിൽ നിന്നും പുറന്തള്ളുന്ന വായുവിന്റെ ശബ്ദം നിയന്ത്രിക്കുന്നത് :

(A) മാനിഫോൾഡ്
(B) പൈപ്പ്
(C) മഫ്ളർ
(D) വാൽവ്

83. ഡീസൽ എഞ്ചിനിൽ ഇന്ധനം വായുവുമായി കൂടിച്ചേരുന്നത് :

(A) എഞ്ചിൻ സിലിണ്ടറിൽ
(B) ഫ്യൂവൽ പമ്പിൽ
(C) ഇൻലറ്റ് മാനിഫോൾഡിൽ
(D) ഇൻജെക്ടറിൽ

84. I.C. എഞ്ചിനിൽ ഉപയോഗിക്കുന്ന സ്റ്റാർട്ടർ മോട്ടോർ ഏതു തരമാണ്?

(A) സിംഗിൾ ഫേസ് AC മോട്ടോർ
(B) DC ഷണ്ട് മോട്ടോർ
(C) DC സീരീസ് മോട്ടോർ
(D) സിംക്രോണൈസ് മോട്ടോർ

85. ടെയിൽ ഗേറ്റിംഗ് എന്നാൽ :

(A) മുന്നിലുള്ള വാഹനവുമായി മതിയായ അകലമില്ലാതെ തൊട്ടു പുറകേ വാഹനം ഓടിക്കുന്നത്
(B) മുന്നിലുള്ള വാഹനത്തിനു പുറകേ മതിയായ അകലത്തിൽ വാഹനം ഓടിക്കുന്നത്
(C) മറ്റുള്ള വാഹനങ്ങൾ ഓവർടേക്കു ചെയ്യുന്നത് ഒഴിവാക്കി വാഹനം ഓടിക്കുന്നത്
(D) ഇവയൊന്നുമല്ല



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

86. ഡിഫൻസീവ് ഡ്രൈവിംഗ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് :

(A) മറ്റുള്ള വാഹനങ്ങളെ കയറ്റി വിട്ട് വാഹനം ഓടിക്കുന്ന രീതി

(B) വാഹനം എല്ലായ്പ്പോഴും പതുക്കെ സാവധാനം വാഹനം ഓടിക്കുന്ന രീതി

(C) മറ്റുള്ള റോഡ് ഉപയോക്താക്കളുടെ തെറ്റായ പെരുമാറ്റം മുൻകൂട്ടി കണക്കാക്കി അപകടം ഒഴിവാക്കി വാഹനം ഓടിക്കുന്ന രീതി

(D) ഇവയൊന്നുമല്ല

87. വാഹനത്തിന്റെ സ്റ്റോപ്പിങ്ങ് ഡിസ്റ്റൻസ് കൂടുന്നത് :

(A) മഴക്കാലത്ത്

(B) രാത്രികാലങ്ങളിൽ

(C) പകൽ

(D) ഇവയൊന്നുമല്ല

88. ബ്ലൈൻഡ് സ്പോട്ട് എന്നു പറയുന്നത് താഴെ പറയുന്നവയിൽ ഏതിനെയാണ്?

(A) ആക്സിഡന്റ് കൂടുതൽ നടക്കുന്ന സ്ഥലം

(B) വാഹനത്തിന്റെ റിയർ വ്യൂ മിററിൽ പെടാത്ത സ്ഥലം

(C) കൊടുംവളവുകൾ

(D) ഇവയൊന്നുമല്ല

89. മോട്ടോർ വെഹിക്കിൾസ് ആക്ട് 1988 സെക്ഷൻ 112 അനുസരിച്ച് :

(A) ഭാരം നിയന്ത്രിച്ചിരിക്കുന്നു

(B) സ്റ്റേജ് കാരേജുകളിൽ ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നതു നിരോധിച്ചിരിക്കുന്നു

(C) വേഗത നിയന്ത്രിച്ചിരിക്കുന്നു

(D) ഇവയൊന്നുമല്ല

90. റോഡ് സുരക്ഷാദശകം 2011-2020 ന്റെ ലക്ഷ്യം :

(A) നല്ല റോഡുകൾ നിർമ്മിക്കുക

(B) സുരക്ഷ കൂടിയ വാഹനങ്ങൾ നിരത്തിലിറക്കുക

(C) റോഡ് ആക്സിഡന്റുമൂലം മരിക്കുന്നവരുടെ എണ്ണം പകുതിയാക്കി കുറയ്ക്കുക

(D) ഇവയൊന്നുമല്ല

91. റോഡ് സുരക്ഷാ വാരാചരണം 2014 നോട് അനുബന്ധിച്ച് പുറത്തിറക്കിയ മുദ്രാവാക്യം :

(A) പഹലേ ആപ്

(B) റോഡ് സുരക്ഷ ജീവനു രക്ഷ

(C) ഹെൽമറ്റ് ധരിക്കൂ ജീവൻ രക്ഷിക്കൂ

(D) ഇവയൊന്നുമല്ല

92. മദ്യപിച്ച് വാഹനം ഓടിച്ചതായി തെളിഞ്ഞാൽ :

(A) ഫൈൻ മാത്രം ഈടാക്കും

(B) ഡ്രൈവിംഗ് ലൈസൻസ് താത്കാലികമായി റദ്ദു ചെയ്യും

(C) കുറ്റകരമായ പ്രവർത്തിയല്ല

(D) ഇവയൊന്നുമല്ല



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

93. ഹാർഡ് ഗിയർ ഷിഫ്റ്റിങ്ങ് ഉണ്ടാകുന്നത് :
(A) ഗിയർ ഷിഫ്റ്റ് ലിങ്കേജിലുള്ള തകരാർ
(B) ക്ലച്ച് ഡിസ് എൻഗേജാകാതിരിക്കുക
(C) ക്ലച്ച് പെഡൽ ഫ്രീപ്ലേ കൂടുതലാവുക
(D) ഇവയെല്ലാം

94. ഗിയർ സ്ലിപ്പിങ്ങ് ഉണ്ടാകുന്നത് :
(A) തകരാറിലായതോ തേഞ്ഞതോ ആയ സിങ്ക്രൊണൈസർ
(B) ഗിയർ ബോക്സ് ഓയിൽ കൂടുതലാവുക
(C) ഡ്രെയിൻ പ്ലഗ് ലൂസാവുന്നത്
(D) ഇവയെല്ലാം

95. ബ്രേക്ക് ലൈനിങ്ങ് ഉറപ്പിച്ചിരിക്കുന്നത് :
(A) മാസ്റ്റർ സിലിണ്ടർ
(B) ബ്രേക്ക് ഡ്രം
(C) വീൽ സിലിണ്ടർ
(D) ബ്രേക്ക് ഷൂ

96. ഡ്രൈവിംഗ് മൂന്നു പ്രവർത്തനങ്ങളുടെ ക്രമമായ ആവർത്തനമാണ്. താഴെപ്പറയുന്നവയിൽ ഏതാണ് ശരിയായ ക്രമം :
(A) ചിന്തിക്കുക, പ്രവർത്തിക്കുക, കാണുക
(B) കാണുക, ചിന്തിക്കുക, പ്രവർത്തിക്കുക
(C) പ്രവർത്തിക്കുക, ചിന്തിക്കുക, കാണുക
(D) കാണുക, പ്രവർത്തിക്കുക, ചിന്തിക്കുക

97. സ്റ്റോപ്പിങ്ങ് ഡിസ്റ്റൻസിനെ ബാധിക്കുന്ന കാര്യങ്ങൾ ഏതെല്ലാം?
(A) വാഹനത്തിന്റെ വേഗത
(B) ടയറുകളുടെ തേയ്മാനം
(C) ഇവ രണ്ടും
(D) ഇവയൊന്നുമല്ല

98. ക്ലച്ച് ഡിസ്ക് കാണപ്പെടുന്നത് :
(A) പ്രഷർ പ്ലേറ്റിനും ഫ്ലൈവീലിനുമിടയിൽ
(B) ബ്രേക്ക് ഷൂവിനും ബ്രേക്ക് ഡ്രമ്മിനുമിടയിൽ
(C) ക്ലച്ച് ഷാഫ്റ്റിനും ലേ ഷാഫ്റ്റിനുമിടയിൽ
(D) ഇവയൊന്നുമല്ല

99. എയർ ബ്രേക്ക് സിസ്റ്റത്തിന്റെ ഭാഗമല്ലാത്തത് :
(A) ഡി.ബി. വാൽവ്
(B) മാസ്റ്റർ സിലിണ്ടർ
(C) ബ്രേക്ക് പെഡൽ
(D) ബ്രേക്ക് ഷൂ

100. കൂളിങ്ങ് സിസ്റ്റത്തിൽ കൂളന്റിന്റെ ബോയിലിങ്ങ് പോയിന്റ് കൂടാൻ കാരണമാകുന്നത് ഇവയിലേതാണ്?
(A) പ്രഷർ ക്യാപ്
(B) ഡ്രെയിൻ പ്ലഗ്
(C) റേഡിയേറ്റർ
(D) വാക്വം വാൽവ്



Join PSC WhatsApp Broadcast List : 90747 20773